LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ കരാറുകാരുടെ കുടിശ്ശിക

382 (1440) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കരാറുകാർക്ക് എന്ത് തുകയാണ് കുടിശ്ശികയുള്ളത് ; ഇതിന്റെ ഫലമായി റോഡുകളുടെയും മറ്റും പണികൾ മുടങ്ങുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) കുടിശ്ശിക തുക എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1403.53 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 327 കോടി രൂപയും ദേശീയ പാതാ വിഭാഗത്തിൽ 52.43 കോടി രൂപയുമാണ് കുടിശ്ശികയുള്ളത്. ഇതുമൂലം പണികൾ മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സർക്കാരിന്റെ സാമ്പത്തികസ്ഥിതി അനുസരിച്ച് മുൻഗണനാക്രമത്തിൽ കാലവിളംബം കൂടാതെ കുടിശ്ശിക കൊടുത്തുതീർക്കാനാണ് ശ്രമിക്കുന്നത്.

പാലക്കുന്ന്-ചെമ്പ്രകാനം-കയ്യൂർ റോഡിന്റെ പുനരുദ്ധാരണം

383 (1441) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കുന്ന്-ചെമ്പ്രകാനം-കയ്യൂർ റോഡിന്റെ കയ്യൂർ പാലം വരെയുള്ള ഭാഗം പുനരുദ്ധരിക്കുന്നതിന് ഒരു കോടി രൂപ അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പൂർണ്ണമായും തകർന്ന ഈ റോഡിന് അനുവദിച്ച തുക ലാപ്സാകാതെ റോഡ് നിലവിലുള്ള തലത്തിൽതന്നെ പുനരുദ്ധരിക്കാൻ എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലക്കുന്ന്-ചെമ്പ്രകാനം-കയ്യൂർ റോഡ് പ്രവൃത്തിയിൽ പ്രധാനമായും നിലവിലുള്ള റോഡ് വീതികൂട്ടുക, കയറ്റം കുറയ്ക്കുക എന്നീ പ്രവൃത്തികളാണ് ഉൾപ്പെട്ടിരുന്നത്. സ്വകാര്യ വ്യക്തികളിൽനിന്നും പ്രസ്തുത പ്രവൃത്തിക്ക് സ്ഥലം ലഭിക്കാതിരുന്നതിനാൽ കരാറുകാരന് പ്രവൃത്തികൾ തുടരുവാൻ സാധിച്ചിരുന്നില്ല. നിലവിലുള്ള നിരക്കിൽ പ്രവൃത്തി ചെയ്യാൻ താൽപര്യമില്ലെന്ന് കരാറുകാരൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെ നഷ്ടോത്തരവാദിത്വത്തിൽ നിന്നൊഴിവാക്കുന്നതിനുള്ള ശുപാർശ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ബി) നിലവിലുള്ള ഭരണാനുമതിയുടെ കാലാവധി അവസാനിച്ചതിനാൽ പുതുക്കിയ ഭരണാനുമതി നൽകേണ്ടതായിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി നൽകിയാലും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പ്രവൃത്തി തുടങ്ങുവാൻ കഴിയുകയുള്ളൂ.

പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികൾ

384 (1442) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പേരും അടങ്കൽ തുകയും നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് ആകെ പൊതുമരാമത്ത് ഭരണാനുമതി നൽകിയ പ്രവൃത്തികൾ എണ്ണം, ആകെ തുക, ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാസർകോട് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിൽനിന്നും ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പേരും അടങ്കൽ തുകയും അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികൾ, എണ്ണം ആകെ തുക, ജില്ല തിരിച്ച കണക്ക് എന്നിവ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

പൊതുമരാമത്ത് വകുപ്പിൽ വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർ

385 (1443) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരിൽ എത്ര പേർ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ടെന്നും ഇവരുടെ പേരുവിവരം സഹിതം വ്യക്തമാക്കാമോ;

(ബി) ജില്ലയിലെ കരാറുകാരിൽ എത്രപേർ അന്വേഷണത്തിന്റെ പരിധിയിലുണ്ടെന്നും ഇവരാരൊക്കെ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരിൽ ആരുംതന്നെ വിജിലൻസ് അന്വേഷണം നേരിടുന്നില്ല

(ബി) പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട കരാറുകാരിൽ കാസർഗോഡ് ജില്ലയിലെ ആരുംതന്നെ വിജിലൻസ് അന്വേഷണത്തിൽ ഉൾപ്പെട്ടിട്ടില്ല

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly